വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 'പ്രസാദ്' പദ്ധതിയിൽ ഉൾപ്പെടുത്തി 420 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ടും 11-12-2015-ൽ മുഖ്യമന്ത്രിയും ഞാനും പ്രധാനമന്ത്രിയെ നേരിൽ സന്ദർശിച്ച് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് മുമ്പുതന്നെ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വനം-പരിസ്ഥിതി വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനം നൽകിയിരുന്നു. ഇന്ന് വൈകുന്നേരം പ്രധാനമന്ത്രിയെ കാണുമ്പോൾ ഈ ആവശ്യം ശക്തമായി ഉന്നയിക്കുന്നതും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ധനസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നതുമാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47 (2) അനുസരിച്ചുള്ളത് ലിസ്റ്റ് I പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4348, പന്ത്രണ്ടാം സമ്മേളനത്തിലെ 4680, പതിനാലാം സമ്മേളനത്തിലെ 2485, 2495, 2503, 2506, 2508, 2510, 2520 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2846, പതിനാലാം സമ്മേളനത്തിലെ 5197 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) ചട്ടം 236 (6) അനുസരിച്ചുള്ളത് ലിസ്റ്റ് II പ്രകാരം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി.

LIBRARY ARCHIVES Kerala Legislative Assembly

ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകപ്പ്/സ്ഥാപനം
XXXVII- വ്യവസായങ്ങൾ	2014-15	കേരളചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്

VII റിപ്പോർട്ട് സമർപ്പണം

2015 -ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിനെ സംബന്ധിച്ച വിഷയ നിർണ്ണയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീ. മാത്യു റ്റി. തോമസ്: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ നൂറ്റിമൂന്ന് മുതൽ നൂറ്റിപ്പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തി ആറ് മുതൽ അമ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ നാൽപ്പത്തിയാറ് മുതൽ അമ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ലൂഡി ലൂയിസ്: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala.Legislative Assembly